പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **830** — **11.06.2014** ൽ മറുപടിക്ക്

# നദീജല സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പുഴകൾ വ്യാപകമായി മലിനീകരണത്തിന് വിധേയമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് തടയുന്നതിനും നദീജലം സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | ജലസ്രോതസ്സുകളിലേയ്ക്ക് വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, കെട്ടിടങ്ങൾ തുടങ്ങിയവിടങ്ങളിൽ നിന്നും ഒഴുക്കി വിടുന്ന പാഴ്ജലം ശുദ്ധീകരിച്ച ശേഷം ഒഴുക്കിവിടുന്നത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും നിർദ്ദേശങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് അടച്ച് പൂട്ടൽ ഉത്തരവ് നൽകുകയും ചെയ്യുന്നു. നദീതീരങ്ങളിൽ താമസിക്കുന്നവർ നിക്ഷേപിക്കുന്ന മാലിന്യങ്ങളും വ്യവസായ സ്ഥാപനങ്ങൾ മുഖേനയുള്ള മാലിന്യങ്ങളും നദികളിൽ എത്തിച്ചേരുന്നത് തടയുന്നതിനായി നഗരപ്രദേശങ്ങളിൽ ഫെൻസിംഗ് നടത്തുക, മാലിന്യങ്ങൾ കെട്ടിനിൽക്കുന്നത് ഒഴിവാക്കി നീരൊഴുക്ക് സുഗമമാക്കുക തുടങ്ങിയ പ്രവർത്തികൾ ത്രിതല പഞ്ചായത്തുകളുമായും നഗരസഭകളുമായും ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ നദികളിലേക്ക് ഓരുവെള്ളം കയറി നദികൾ മലിനപ്പെടാതിരിക്കാൻ റെഗുലേറ്ററുകളും തടയണകളും ഓരുമുട്ടുകളും നിർമ്മിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ